"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പാലക്കാട് ജില്ലയിൽ, തൃത്താല ഗ്രാമ പഞ്ചായത്തിലെ എംഎൻ ലക്ഷം വീട് - 6 ഒറ്റവീട്ടുകൾ നിർമ്മിക്കുന്നതിന് തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1018/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/06/2020

പരാമർശം:- 1 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30/01/2020ലെ കത്ത്.

2 തൃത്താല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24/09/2019ലെ കത്ത്.

3. 25/02/2020ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.87 നമ്പർ തീരുമാനം.

ഉത്തരവ്

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിൽ കണ്ണന്നൂർ എന്ന സ്ഥലത്ത് എംഎൻ ലക്ഷം വീട് പദ്ധതിയിൽ പണികഴിപ്പിച്ച 20 വീട്ടുകൾ ഉണ്ട്. ഇവ ജീർണ്ണാവസ്ഥയിൽ ആയതിനാൽ പുതുക്കി പണിയുന്നതിന് 2012-13ൽ 24 ലക്ഷം രൂപ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. ഈ തുക ഇതുവരെ ചെലവഴിച്ചിട്ടില്ല. ഈ തുക ഉപയോഗിച്ച് 6 ഒറ്റ വീട്ടുകൾ നിർമ്മിക്കാൻ അനുമതി നൽകണമെന്ന തൃത്താല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം ഒന്നിലെ കത്ത്. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം 2 പ്രകാരം ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ച ലൈഫ് ഭവന പദ്ധതിയിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്നും ഒന്നും രണ്ടും ഘട്ടം പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിച്ചതനുസരിച്ച് മേൽ കമ്മിറ്റി യുടെ സൂചന (3) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡന്റ് തൃത്താല ഗ്രാമപഞ്ചായത്ത്

ജില്ലാ കളക്ടർ, പാലക്കാട്

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട് ജില്ല

അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ